**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1248** **14-03-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം രംഗത്തെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിനോദ സഞ്ചാര മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ആ മേഖലയിൽ നിക്ഷേപകരുടെ ഒരു യോഗം 2021 മെയ് 27ന് വിളിച്ച ചേർക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് കാര്യക്ഷമമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ബി) | കോവിഡ് വ്യാപനം താറുമാറാക്കിയ ടൂറിസം രംഗത്തെ കൈപിടിച്ചുയർത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന പരിപാടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | കോവിഡ് വ്യാപനം ബാധിച്ച, ടൂറിസം രംഗത്തെ കൈപിടിച്ചുയർത്താൻ വിവിധങ്ങളായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. അതിൽ ഏറ്റവും പ്രധാനം ടൂറിസം മേഖലയിലുള്ളവർക്കായി നടപ്പിലാക്കിയ ലോൺസ്കീമുകളും ഒറ്റത്തവണ ധനസഹായ പദ്ധതികളും റിവോൾവിംഗ് ഫണ്ട് പദ്ധതിയുമാണ്. നമ്മുടെ നാട് സഞ്ചാരികൾക്ക് സുരക്ഷിതമാണ് എന്ന രീതിയിൽ സംഘടിപ്പിച്ച പോസ്റ്റ് കോവിഡ് ക്യാമ്പയിനുകളും ഏറെ ശ്രദ്ധ പിടിച്ച പറ്റിയിരുന്നു. ഇതിന് പുറമെ നടപ്പാക്കിയ നൂതന പദ്ധതിയാണ് കാരവൻ ടൂറിസം. സഞ്ചാരികൾക്ക് വിവിധ സ്ഥലങ്ങളെക്കുറിച്ച് വിവരം നൽകുന്ന മൊബൈൽ ആപ്പും പുറത്തിറക്കിയിരുന്നു. പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും സംഘടിപ്പിച്ചു. 2022 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ രാജ്യത്തും വിദേശത്തുമുള്ള വിവിധങ്ങളായ ട്രേഡ്ഫെയറുകളിൽ വകുപ്പ് പങ്കെടുക്കുന്നുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ പ്രധാന പട്ടണങ്ങളിലും മാഡ്രിഡ്, മിലാൻ തുടങ്ങിയ സ്ഥലങ്ങളിലും വകുപ്പ് B2B മീറ്റുകൾ സംഘടിപ്പിക്കുന്നതാണ്. നവംബറിൽ |

| | | | |
|---|---|---|---|
| | | | ലണ്ടൻ WTM -ൽ പങ്കെടുത്തു. ദുബായ് എക്സ്പോ 2022-ലും വകുപ്പ് പങ്കെടുത്തു. ഇതിന് പുറമെ നാഷണൽ ഇന്റർനാഷണൽ റീ ഓപ്പണിംഗ് ക്യാമ്പയിനും നാഷണൽ വിന്റർ ക്യാമ്പയിനും സംഘടിപ്പിക്കുന്നുണ്ട്. കേരളം യാത്രയ്ക്ക് ഏറ്റവും സുരക്ഷിതം എന്ന രീതയിൽ പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലും ഡിജിറ്റൽ മീഡിയ വഴിയും നടത്തുകയുണ്ടായി. |
| (സി) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പഴയ പാലങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങളായി പരിവർത്തനപ്പെടുത്തി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പരിശോധിച്ചുവരുന്നു. |
| (ഡി) | പഞ്ചായത്ത് തലത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഡി) | ടൂറിസം വകുപ്പിന്റെ ഉത്തരവാദിത്തങ്ങളിൽ ഒന്നാണ് ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം. ആഭ്യന്തര ടൂറിസ്റ്റുകളുടെ വർദ്ധനവ് നിലവിലെ ടൂറിസം ഡെസ്റ്റിനേഷനുകളെ സമ്മർദ്ദത്തിൽ ആക്കുകയാണ്. ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആവശ്യം ഉയർന്ന് വരുന്നുണ്ട്. ഇത് കണക്കിലെടുത്ത് ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ